## (79.) സീതത്തോട് സെന്റ് മേരീസ് മലങ്കര സുറിയാനി കത്തോലിക്കാപള്ളിയുടെ ലഘുചരിത്രം

സെന്റ് മേരീസ് മലങ്കര കത്തോലിക്കാ ദൈവാലയിന്റെ ചരിത്ര പശ്ചത്തലവും സീതത്തോടിന്റെ ചരിത്ര പശ്ചാത്തലവും പരസ്പരം ഇഴചേർന്നു കിടക്കുന്നു. സീതത്തോടിന്റെ സാംസ്കാരിക ചരിത്രത്തിലേക്ക് നാം പോകുകയാണെങ്കിൽ, നൂറ്റാണ്ടുകൾ പുറകിലേക്ക് തിരിയേണ്ടതായി വരും. കുരുമുളകും കുന്തിരിക്കവും മൃഗ ത്തോലും ആനക്കൊമ്പും സമൃദ്ധമായി ലഭിച്ചിരുന്ന നിലയ്ക്കൽ പ്രദേശത്തേക്ക് എ.ഡി. 1-ാം നൂറ്റാണ്ടിന് മുൻപ് തന്നെ വിദേശത്തു നിന്നു പോലും കച്ചവടക്കാർ വന്നിരുന്നു. മാർത്തോമ്മാ ശ്ലീഹായുടെ കൈവെപ്പ് ലഭിച്ച ഒരു ക്രിസ്തീയ സമൂഹം നിലയ്ക്കൽ കേന്ദ്രീകരിച്ച് രൂപപ്പെട്ടു എന്നത് ഒരു ചരിത്ര വസ്തുതയാണ്. പന്തളം രാജ കുടുമ്പത്തിന്റെ അധീനതയിലായിരുന്ന അങ്കമൂഴി, കൊച്ചുകോയിക്കൽ, വലിയ കോയിക്കൽ എന്ന സീതത്തോട് തുടങ്ങിയ പ്രദേശങ്ങൾ നിലയ്ക്കലിനു സമീപമായി സ്ഥിതി ചെയ്യുന്നു. ഉദ്ദേശം 14-ാം നൂറ്റാണ്ടിൽ തമിഴ്നാട് നാടുവാഴിയുടെയും, മലാർ മുസ്ലീംങ്ങളുടെയും ആക്രമണഫലമായി ഇവിടുത്തെ നിവാസികൾ കാഞ്ഞിരപ്പള്ളി, തുമ്പമൺ, അരുവിറ, കടമ്പനാട്, ചെങ്ങന്നൂർ, റാന്നി എന്നിവിടങ്ങളിലേക്ക് പാലായനം ചെയ്തു. അങ്ങനെ മനു ഷ്യവാസമില്ലാതായി തീർന്ന ഈ പ്രദേശം ഘോരവനമായി പരിണമിച്ചു.

നൂറ്റാണ്ടുകൾക്ക് ശേഷം രണ്ടാം ലോകമഹായുദ്ധത്തെുടർന്ന് കേരളമാകെ പട്ടിണി രൂക്ഷമാകുകയും അന്നെ തിരുവിതാംകൂർ ദിവാനായിരുന്ന സർ സി.പി. രാമസ്വാമി അയ്യർ നെൽകൃഷിയും, കപ്പകൃഷിയും പ്രോത്സാ ഹിപ്പിക്കുന്നതിനായി കിഴക്കൻ വനമേഖലകളിലെ മരങ്ങൾ വെട്ടിമാറ്റി ഈ പ്രദേശങ്ങൾ കൃഷി ചെയ്യുന്നതിനായി വിട്ടു കൊടുത്തു. തൽഫലമായി നാടിന്റെ നാനാഭാഗങ്ങളിൽ നിന്നും, നാനാജാതി മതസ്ഥരായ ജനസമൂഹം ആങ്ങ മൂഴി, കൊച്ചുകോയിക്കൽ, കിളിയെറിഞ്ഞാംകല്ല്, കോട്ടമപാറ, ഗുരുനാഥൻമണ്ണ്, സീതത്തോട്, 22-ാം ബ്ലോക്ക് എന്നിവിടങ്ങളിൽ വന്ന് കൃഷിയിറക്കുകയും ചെയ്തു. പകൽ സമയുപോലും കാട്ടാനകളുടെയും മറ്റ് വന്യമൃഗ ങ്ങളുടെയും ഉപദ്രവമേൽക്കേണ്ടി വന്നിരുന്ന ആളുകൾ ഒറ്റക്കെട്ടായി അതിനെ നേരിട്ടുകൊണ്ട് ഇവിടെ സ്ഥിരതാമ സമാരംഭിച്ചു.

ജനങ്ങളുടെ ആധ്യാത്മീക ആവശ്യങ്ങൾ നിറവേറ്റുക എന്നത് സ്ഥലവാസികൾക്ക് ഒരു കടമ്പയായി മാറി. വാഹനസൗകര്യമോ, റോഡോ ഇല്ലാതിരുന്ന സാഹചര്യത്തിൽ ഇതിനായി മാതൃ ഇടവകകളിലേക്ക് പോകുക എന്നത് ബുദ്ധിമുട്ടേറിയ കാര്യമായിരുന്നു. കാലങ്ങൾ കഴിഞ്ഞതോടുകൂടി സ്ഥലവാസികൾക്കിടയിൽ പ്രാർത്ഥനാഗ്രൂപ്പു കൾ രൂപം പ്രാപിക്കുകയും ക്രമേണ ഇടവക രൂപീകരണം ഒരാവശ്യമായി ഉയർന്നു വരികയും ചെയ്തു. ഇക്കാ ലത്ത് അള്ളുങ്കൽ കേന്ദ്രീകരിച്ച് എല്ലാ ക്രിസ്തീയ വിഭാഗങ്ങളും ചേർന്ന് ഒരു ഐക്യകൂട്ടായ്മ രൂപം കൊണ്ടു. അള്ളുങ്കൽ പുൻവീട്ടിൽ കോശിചേട്ടന്റെ കൊച്ചുമകനെ മാമോദീസാ മുക്കുന്നതിനായി വാഴപ്പിള്ളേത്ത് ശ്രീ.തോമസ് ജോർജ്ജും കോശി ചേട്ടനും കുഞ്ഞിനെയും കൊണ്ട് പെരുനാട്ടിലേക്ക് പോകുകയും മാമ്പാറ മലങ്കര കത്തോലി ക്കാപള്ളിയിലെ വികാരിയായിരുന്ന ബഹു. ജേക്കബ് മുണ്ടപ്പള്ളി അച്ചനുമായി ചില ധാരണകൾ ഉണ്ടാക്കുകയും അതിൻപ്രകാരം കുഞ്ഞിനെ മാമ്പാറ പള്ളിയിൽ മാമോദീസാ മുക്കുകയും ചെയ്തു. മുൻധാരണ പ്രകാരം ബഹു. മുണ്ടപ്പള്ളി അച്ചൻ അള്ളുങ്കൽ കോശിചേട്ടന്റെ വീട്ടിലെത്തി. വീടിനു സമീപമുള്ള ഒരു ഷെഡ്ഡിൽ സീതത്തോട് പ്രദേശത്തെ ആദ്യത്തെ വി.കുർബ്ബാന അർപ്പിക്കുകയും ഏതാനും കുടുംബങ്ങളെ കത്തോലിക്കാസഭയിൽ ചേർക്കുകയും ചെയ്തു. അക്കാലത്ത് കൈതേൺ കുടുംബം കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. സീതത്തോട്ടിൽ അക്കാലുണ്ടായിരുന്ന മലബാർ, ലീത്തൻ, മലങ്കര റീത്തിൽപ്പെട്ടവർ ഒന്നായി പള്ളി സ്ഥാപിക്കു ന്നതിനായി ഉണർന്നു പ്രവർത്തിക്കുകയും കൊച്ചുകോയിക്കൽ തോണിക്കടവിൽ രാഘവൻനായർ തന്റെ ഭൂമി യിൽ പള്ളി വയ്ക്കുന്നതിനാവശ്യമായ സ്ഥലം വിലയ്ക്ക് നൽകുകയും അങ്ങനെ സീതത്തോട്ടിൽ ആദ്യമായി ഒരു ക്രൈസ്തവ ദൈവാലയം സ്ഥാപിതമാകുകയും ചെയ്തു. മുളയും മേച്ചിൽപുല്ലും ഉപയോഗിച്ച് നിർമ്മിക്ക പ്പെട്ട ഈ ദൈവാലയിൽ മുണ്ടപ്പള്ളി അച്ചൻ പെരുനാട്ടിൽ നിന്നും കാൽനടയായി വന്ന് കുർബാന അർപ്പിച്ചിരു ന്നു. അക്കാലത്ത് പള്ളിക്ക് ധാരാളം സഹായങ്ങൾ ചെയ്തു തന്ന തൈവടക്കേതിൽ ശ്രീ. ഗോപാലൻ അവർകളെ നന്ദിയോടെ സ്മരിക്കുന്നു. ദൈവാലയം സ്ഥാപിതമായെങ്കിലും മറ്റ് സഭകളിൽ നിന്ന് പുനരൈക്യപ്പെട്ട ഇടവക

ജനങ്ങൾക്ക് മലങ്കര പാരമ്പര്യത്തിലുള്ള ശുശ്രൂഷകൾ അജ്ഞമായിരുന്നു. അതിനാൽ ശുശ്രൂഷാകാര്യങ്ങളിൽ അച്ചനെ സഹായിക്കുന്നതിനും ഇടവകജനങ്ങൾക്ക് ശുശ്രൂഷകളെകുറിച്ച് അറിവ് നൽകുന്നതിനുമായി കോന്നാത്ത് ശ്രീ. ബേബിസാർ, ചെറുത്തോൺ ശ്രീ. കുഞ്ഞുകുട്ടി, വാഴപ്പിള്ളേത്ത് ശ്രീ. ഫിലിപ്പ് എന്നിവർ ഞായറാഴ്ച ദിവസങ്ങളിൽ വടശ്ശേരിക്കരയിൽ നിന്നും കാൽനടയായി വന്നിരുന്നു. പിന്നീട് ശ്രീ.ഫിലിപ്പ് വാഴപ്പിള്ളേത്ത് സീതത്തോട്ടിൽ സ്ഥിരതാമസമാക്കുകയും ഇടവകയുടെ പ്രവർത്തനങ്ങളിൽ സജീവമായി പങ്കുകൊള്ളുകയും ചെയ്തിരുന്നു. അക്കാലത്ത് കുർബാനയ്ക്ക് സഹായിച്ചിരുന്നത് കൈതോൺ ശ്രീ.ജോർജ്ജും, പുലിമുറ്റത്ത് ശ്രീ.മാണിയുമായിരുന്നു. ചെറുത്തോൺ കുഞ്ഞുകുട്ടിയുടെ നേതൃത്വത്തിൽ ലിജിയൻ ഓഫ് മേരിയുടെ പ്രവർത്തനങ്ങൾ ഇടവകയിൽ സജീവമായി. എല്ലാ ഞായറാഴ്ചകളിലും സണ്ടേസ്കൂളും നടന്നുവന്നു. ദൈവാലയം പണിത് ഏകദേശം ഒരു വർഷമാകുന്ന സമയത്ത് ഏതോ സാമൂഹ്യവിരുദ്ധർ പുല്ലുമേഞ്ഞ ചാപ്പൽ തീവെച്ച് നശിപ്പിച്ചു. ഈ സംഭവത്തിൽ നിരാശരാകാതെ മുൻ ചാപ്പലിന്റെ തറയിൽ തന്നെ മുളയും ഓലയും ഉപയോഗിച്ച് പുതിയ ചാപ്പൽ നിർമ്മിച്ചു. ഇക്കാലത്ത് തുണ്ടിയിൽ ശ്രീ. കുഞ്ഞച്ചന്റെ വക അഞ്ചര ഏക്കർ സ്ഥലം സീതക്കുഴിയിൽ വാങ്ങി. കാലക്രമേണ കൊച്ചുകോയിക്കലെ മുളയും ഓലയും ഉപയോഗിച്ച് നിർമ്മിച്ച ചാപ്പൽ നശിക്കുകയും സീതക്കുഴിയിൽ അരമന വാങ്ങിയ അഞ്ചര ഏക്കർ വസ്തുവിൽ പുതിയ ചാപ്പൽ നിർമ്മിച്ച് ആരാധന ആരംഭിക്കുകയും ചെയ്തു.

മുണ്ടപ്പള്ളി അച്ചനിലൂടെ സജീവമായ സീതത്തോട് മലങ്കര സമൂഹിന്റെ ആത്മീയ നേതൃത്വം തുടർന്നു വന്ന ജോസഫ് വാഴപ്പിള്ളേത്ത് അച്ചനിലൂടെ കൂടുതൽ ശക്തി പ്രാപിച്ചു. ഇതേ സമയം സീതത്തോടും പരിസര പ്രദേശങ്ങളും ചെറിയ രീതിയിൽ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരുന്നു. കൂടുതൽ ക്രൈസ്തവ കുടുംബങ്ങൾ മലങ്കര സഭയിലേക്ക് പുനരൈക്യപ്പെട്ടുകൊണ്ടിരുന്നു. കൂദാശ കർമ്മങ്ങൾ എല്ലാം തന്നെ സീതക്കുഴി ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. ഇതിൽ പുത്തൻകളത്ത് വീട്ടിൽ ജോസഫിന്റെ ആദ്യകുർബ്ബാന അനുസ്മരണീയമാണ്. വാഴകൊണ്ട് നിർമ്മിച്ച് റോസപുഷ്പങ്ങൾ കൊണ്ട് അലങ്കരിച്ച കിരീടവുമണിഞ്ഞ് ആൾത്താരയിലേക്ക് ആദ്യകുർബാന സ്വീകരിക്കാനെത്തിയ ഈ ബാലൻ പിന്നീട് വൈദീകനായി തിരുവനന്തപുരം അതിരൂപതയിൽ ശ്രേഷ്ഠമായ അജപാലന ശുശ്രൂഷ നിർവ്വഹിക്കുന്നു. രണ്ടു മാസത്തെ സ്തുത്യർഹമായ സേവനത്തിനുശേഷം വാഴപ്പിള്ളേത്ത് അച്ചൻ സ്ഥലം മാറി പോവുകയും തുടർന്ന് ശമുവേൽ ശങ്കരത്തിൽ അച്ചൻ സീതത്തോട് മലങ്കര സമൂഹത്തിന് നേതൃത്വം നൽകി. തുടർന്ന് ശമുവേൽ തെങ്ങുവിള അച്ചൻ വികാരിയായി ചാർജ്ജെടുത്തു. ഇക്കാലത്ത് നെടുംപതാലിൽ ശ്രീ.ഫിലിപ്പും കുടുംബവും കത്തോലിക്കാ സഭയുമായി പുനരൈക്യപ്പെട്ടു. കൊച്ചുകോയിക്കൽ, സീതക്കുഴി ചാപ്പലുകൾക്കുവേണ്ടി കഠിനമായി അദ്ധ്വാനിച്ച മൺമറഞ്ഞുപോയവരും ജീവിച്ചിരിക്കുന്നവരുമായ ധാരാളം ആളുകൾ ഉണ്ട്. ഏവരേയും നന്ദിയോടെ സ്മരിക്കുന്നു.

**സ്വപ്ന സാക്ഷാത്കാരം**

സീതത്തോട് പ്രദേശത്തിന്റെ ഹൃദയഭാഗത്ത് ഒരു ദൈവാലയം നിർമ്മിക്കുക എന്നത് ഇടവക മക്കളുടെ വലിയ സ്വപ്നമായിരുന്നു. ശമുവേൽ തെങ്ങുവിള അച്ചൻ വികാരിയായി സേവനം ചെയ്ത കാലത്ത് ഈ സ്വപ്നം സാക്ഷാത്കരിക്കുവാൻ ദൈവം വഴിയൊരുക്കി. സീതത്തോട്ടിലെ മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് സീതത്തോട് ടൗൺഭാഗത്ത് ഒരു ദൈവാലയിന് സ്ഥലം ലഭിക്കുക എന്നത് വലിയൊരു പ്രതിസന്ധമായിരുന്നു. എന്നാൽ ഇടവക ജനങ്ങളുടെ ശക്തമായ പ്രാർത്ഥനയുടെ ഫലമായി ശ്രീ.മോടിയിൽ മത്തായിച്ചന്റെ വക 25 സെന്റ് സ്ഥലം 550 രൂപയ്ക്ക് വില പറഞ്ഞ് ഉറപ്പിച്ചു. സീതത്തോട് ജംഗ്ഷനു സമീപം പ്രധാന പാതയോട് ചേർന്ന് കിടക്കുന്ന ഈ സ്ഥലം വാങ്ങുന്നതിന് പണത്തിന്റെ ആവശ്യസമയത്ത് ശ്രീ. ഫിലിപ്പ് നെടുംപതാലിൽ സഹായഹസ്തവുമായി മുന്നോട്ടുവരികയും സ്വന്തം കൈയ്യിൽ നിന്ന് പണം നൽകി വസ്തു എഴുതിക്കുകയും ചെയ്തു. ഈ തുക പിന്നീട് അരമനയിൽ നിന്നും ശ്രീ. ഫിലിപ്പിന് കൊടുക്കുകയുണ്ടായി. ഈ 25 സെന്റ് സ്ഥലം ദൈവാലയത്തിനും അനുബന്ധ കാര്യങ്ങൾക്കും അപര്യാപ്തമായിരുന്നു. ആയതിനാൽ ഈ വസ്തുവിനോട് ചേർന്ന് കിഴക്കു ഭാഗത്തായി സ്ഥിതി ചെയ്തിരുന്ന സ്ഥലം ദൈവാലയത്തിന്റെ ആവശ്യത്തിലേക്കായി 301 രൂപയ്ക്ക് പുലിമുറ്റത്ത്

ശ്രീമതി. കത്രീനാമ്മയിൽ നിന്നും മൂത്തമകൻ ശ്രീ. മത്തായിലൂടെ വെള്ളപേപ്പറിൽ എഴുതി അരമനയ്ക്ക് കൈമാറി. ദൈവാലയത്തിനായി സ്ഥലം തന്നുസഹായിച്ച മോടിയിൽ ശ്രീ. മത്തായിയെയും പുലിമുറ്റത്ത് ശ്രീമതി. കത്രീനാമ്മയേയും നന്ദിയോടെ സ്മരിക്കുന്നു. സീതത്തോട് മലങ്കര കത്തോലിക്കാ ദേവാലയം പണിയുന്നതിന് ഏറ്റവും അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനായുള്ള തെങ്ങുവിള അച്ചന്റെയും നെടുംപതാലിൽ ശ്രീ.ഫിലിപ്പിന്റെയും മറ്റ് ഇടവക മക്കളുടെയും പരിശ്രമം വിജയം കണ്ടു.

അന്നത്തെ സീതത്തോടിന്റെ ജീവിത സാഹചര്യം ഇന്നത്തേതിനെക്കാൾ തികച്ചും വ്യത്യസ്തമായിരുന്നു. യാത്രാ സൗകര്യങ്ങളോ കടകളോ അന്നുണ്ടായിരുന്നില്ല. സന്ദർശനത്തിനും ശുശ്രൂഷയ്ക്കുമായി എത്തിയിരുന്ന വൈദീകർക്ക് ഇടവക സമൂഹം തന്നെ ആഹാരവും താമസ സൗകര്യവുമൊരുക്കി.

വൈദീകർക്ക് ഭക്ഷണവും താമസവും ഒരുക്കുന്നതിനായി പ്രയത്നിച്ച ശ്രീമതി കത്രീനാമ്മ പുലിമുറ്റത്ത് ശ്രീ. കോശി അള്ളുങ്കൽ, ശ്രീ. ജോർജ്ജ് കൈതോൺ, ശ്രീ. ഫിലിപ്പ് നെടുംപതാലിൽ, ശ്രീ. ബേബി കൈതോൺ, ശ്രീമതി ചിന്നമ്മ പുലിമുറ്റത്ത്, ശ്രീ. ഫിലിപ്പ് വാഴപ്പിള്ളേത്ത് എന്നിവരെ പ്രത്യേകം നന്ദിയോടെ സ്മരിക്കുന്നു.

ശാമുവേൽ തെങ്ങുവിള അച്ചന്റെയും ഇടവക സമൂഹത്തിന്റെയും ശ്രമഫലമായി സീതത്തോട് ജംഗ്ഷനു സമീപം വാങ്ങിയ വസ്തുവിൽ ദൈവാലയ നിർമ്മാണിന്റെ പ്രാരംഭ പണികൾ ആരംഭിച്ചു. ദൈവാലയ നിർമ്മാണ കാലത്ത് ദിവ്യബലിക്ക് മുടക്കം വരരുത് എന്ന താൽപര്യത്തോടുകൂടി കല്ലോടിക്കുഴി ശ്രീ. മത്തായിച്ചന്റെ കെട്ടിടത്തിലെ ഒരു മുറി കുർബാനയ്ക്കായി സജ്ജമാക്കി. ദൈവാലയ നിർമ്മാണത്തിന്റെ കോൺട്രാക്ടർ മൈലപ്രാക്കാരൻ കാലായിൽ ശ്രീ. തോമ്മാച്ചൻ ആയിരുന്നു. പള്ളിയുടെ നിർമ്മാണത്തിനായുള്ള തേമ്പാവ് തടി കൊച്ചുകോയിക്കൽ വനത്തിൽ നിന്നും മൂന്നു പേർ ചേർന്ന് ലേലത്തിൽ വാങ്ങിയതിൽ ഒരു ഭാഗം വിലയ്ക്ക് വാങ്ങിയതാണ്. വിവിധ സഭകൾ കൈകോർത്തു നിന്നിരുന്ന അക്കാലത്ത് മലങ്കര സഭാ മക്കളോടൊപ്പം മലബാർ ലത്തീൻ വിഭാഗങ്ങൾ ഒന്നു ചേർന്ന് ദൈവാലയ നിർമ്മാണിൽ പങ്കാളികളായി. മാറമ്പുടത്തിൽ ശ്രീ. ഈപ്പൻ വർഗീസ്, ചാർത്താംകുഴി പൊടിയച്ചൻ, മകൻ കുഞ്ഞുമോൻ, ശ്രീ. വർഗീസ് കല്ലുവെട്ടുകുഴിയിൽ, ശ്രീ. ഉമ്മൻ യോഹന്നാൻ തുണ്ടിയിൽ തുടങ്ങിയ ധാരാളം ആളുകളുടെ സേവനം പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്.

മാസങ്ങൾ നീണ്ടുനിന്ന ദൈവാലയ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ഒടുവിൽ പള്ളിയുടെ കൂദാശദിനം വന്നെത്തി. തിരുവനന്തപുരം അതിരൂപതാ അധ്യക്ഷനായിരുന്ന ഭാഗ്യസ്മരണാർഹനായ അഭി.വന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിനെ ഏഴ് ആനകളുടെ അകമ്പടിയോടുകൂടി പുതിയ ദൈവാലയിലേക്ക് സ്വീകരിച്ച് ആനയിച്ചു. വന്ദ്യപിതാവ് ദൈവാലയം കൂദാശ ചെയ്ത് അനുഗ്രഹിച്ചപ്പോൾ സീതത്തോട് മലങ്കര സമൂഹത്തിന്റെ ഒരു വലിയ സ്വപ്നം സാക്ഷാത്കരിച്ച നിമിഷമായി അത് മാറി. ഏഴു വർഷത്തോളം ഇടവകയെ നയിച്ച് ഇടവകയുടെ ഉന്നതിക്കും ഇടവക ജനങ്ങൾക്കുമായി രക്തം വിയർപ്പാക്കി പ്രയത്നിച്ച ഇടവക ദൈവാലയ സ്ഥാപകനായ ശാമുവേൽ തെങ്ങുവിള അച്ചന്റെ സ്മരണയ്ക്കു മുൻപിൽ ഇടവക സമൂഹം എന്നും ആദരവോടെ നിൽക്കും.

സീതത്തോട് ദൈവാലയം കൂദാശ ചെയ്യപ്പെട്ടതോടെ ഇടവകയ്ക്ക് സീതക്കുഴിയിലുള്ള വസ്തുവിൻമേൽ ശ്രദ്ധയില്ലാതെ പോവുകയും ഈ സ്ഥലം നഷ്ടപ്പെട്ടുപോവുകയും ചെയ്തു. എന്നാൽ ദൈവാലയത്തോട് ചേർന്ന് പതിമൂന്നര സെന്റ് വസ്തു 1963-ൽ കൈതക്കുഴി ശ്രീ.ജോർജ്ജിൽ നിന്നും 650 രൂപയ്ക്ക് വാങ്ങുകയുണ്ടായി. തെങ്ങുവിള അച്ചൻ സ്ഥലം മാറി പോയതിനെ തുടർന്ന് വർഗീസ് വട്ടശ്ശേരിൽ, വർഗീസ് മാവേലിൽ, സാമുവേൽ തൈക്കൂട്ടിൽ, ഗീവർഗീസ് പെരുമല, വർഗീസ് ഇടത്തിൽ, ജോർജ്ജ് ജോൺ(ജോസി) കിഴക്കേടത്ത്, ഗീവർഗീസ് മണ്ണിക്കരോട്ട്, മാത്യു മാടപ്പള്ളിൽ എന്നീ ശ്രേഷ്ഠ വൈദീകർ ഇടവകയെ ആത്മീകമായി മുമ്പോട്ട് നയിച്ചു. ഈ വൈദീകരെല്ലാം തന്നെ പെരുനാട്ടിൽ താമസിച്ചു കൊണ്ടാണ് സീതത്തോട് ദൈവാലയത്തിൽ വികാരിമാരായി സേവനം അനുഷ്ഠിച്ചിരുന്നത്. തോമസ് പടയാനിയ്ക്കൽ അച്ചന്റെ കാലത്ത് ശ്രീ. വിഴലിൽ ജോയിയോട് 9.9 സെന്റ് വസ്തുവും അതിലുള്ള കെട്ടിടവും വിലകൊടുത്ത് വാങ്ങുകയും അച്ചൻമാരുടെ താമസം പ്രസ്തുത

സ്ഥലത്ത് ക്രമീകരിക്കുകയും ചെയ്തു.

ഈ ഇടവകയിൽ നിന്നും കർത്താവിന്റെ ശുശ്രൂഷയ്ക്കായി ഇറങ്ങിത്തിരിച്ച അഗസ്റ്റിൻ പുലിമുറ്റത്ത് അച്ചന്റെ പട്ടംകൊട ശുശ്രൂഷ സീതത്തോടിന്റെ ചരിത്രിലെ ആദ്യ സംഭവമായിരുന്നു. ഈ ശുശ്രൂഷ കാണുന്നതിനും അനുഗ്രഹം നേടുന്നതിനുമായി വാഹന സൗകര്യങ്ങൾ ഒന്നുമില്ലാത്ത കാലമായിട്ടും ധാരാളം ആളുകൾ വിവിധ സ്ഥലങ്ങളിൽ നിന്നും എത്തിച്ചേരുകയുണ്ടായി.

ഇതിനോടകം തന്നെ പ്രാർത്ഥന കൂട്ടായ്മകളുടെയും മറ്റ് ഭക്തസംഘടനകളുടെയും പ്രവർത്തനം ഇടവകയിൽ ശക്തി പ്രാപിച്ചു. ഇടവകയുടെ സംഖ്യാബലം നാൾക്കുനാൾ വർദ്ധിച്ചുവന്നു. ഇടവകയുടെ ആത്മീകവും, ഭൗതീകവുമായ പ്രവർത്തനങ്ങളിൽ പ്രാർത്ഥനാകൂട്ടായ്മകളും ഭക്തസംഘടനകളും തോളോടുതോൾ ചേർന്നു പ്രവർത്തിച്ചു. അള്ളുങ്കൽ പ്രാർത്ഥനായോഗം പ്രത്യേകിച്ച് ശ്രീ.വാഴപ്പിള്ളേത്ത് ജോർജ്ജ്, അള്ളുങ്കൽ കോശിചേട്ടൻ, തേനാലിൽ ഫിലിപ്പ്, തേനാലിൽ ജോൺ എന്നിവരുടെ പ്രത്യേക ശ്രമഫലമായി അള്ളുങ്കൽ ഭാഗ് 50 സെന്റ് സ്ഥലം പാറയിൽ ഉപദേശിയിൽ നിന്ന് വാങ്ങി ഇടവകയ്ക്ക് സമർപ്പിച്ചു.

തോമസ് പടയാനിക്കൽ അച്ചനെ തുടർന്ന് മാത്യു ആലുംമൂട്ടിൽ അച്ചനും തുടർന്ന് യോഹന്നാൻ മുളമൂട്ടിൽ അച്ചനും വികാരിമാരായി ചാർജ്ജെടുത്തു. പരിശുദ്ധ ദൈവമാതാവിന്റെ നാമധേയത്തിൽ ദൈവാലയത്തിനു മുൻപിൽ ഒരു കുരിശടി സ്ഥാപിക്കുക എന്ന ഇടവക ജനങ്ങളുടെ ആഗ്രഹം മുളമൂട്ടിൽ അച്ചൻ വികാരിയായിരുന്ന കാലത്ത് സാക്ഷാത്ക്കരിച്ചു. ജാതിമതഭേദമന്യേ നൂറുകണക്കിന് ആളുകൾക്ക് ആത്മീയ പ്രചോദനമായി ഈ കുരിശടി ഇന്നും നിലകൊള്ളുന്നു. ശുശ്രൂഷയ്ക്കായി വരുന്ന വൈദീകർക്ക് ദൈവാലയത്തോട് ചേർന്ന് പള്ളിമേട വേണമെന്ന ഇടവക മക്കളുടെ ആഗ്രഹത്തെ തുടർന്ന് ദൈവാലയത്തോട് ചേർന്ന് ഒരു പള്ളിമേടയും ഇക്കാലത്ത് നിർമ്മിക്കുകയുണ്ടായി. വൈദീകർ മുൻപ് താമസിച്ചിരുന്ന കക്കാട് ആറിനോട് ചേർന്ന സ്ഥലത്തെ പഴയ പള്ളിമേട കെട്ടിടത്തിൽ മുളമൂട്ടിൽ അച്ചന്റെ നേതൃത്വത്തിൽ റോയൽ പാരലൽ കോളജ് ആരംഭിച്ചു. സീതത്തോട് പ്രദേശത്തെ ധാരാളം യുവതീയുവാക്കൾക്ക് ഉന്നത വിദ്യാഭ്യാസിനുള്ള വഴികൾ തുറക്കുന്നതിന് ഈ കോളജ് വഹിച്ച പങ്ക് നിസ്തുലമാണ്. മുളമൂട്ടിൽ അച്ചൻ സ്ഥലം മാറിപോയതിനെ തുടർന്ന് വർക്കി ആറ്റുപുറത്ത്, കോശി അയ്യനേത്ത് എന്നിവർ വികാരിമാരായി ഇടവകയ്ക്ക് നേതൃത്വം നൽകി. തുടർന്ന് ജോസ് ചാമക്കാലായിൽ അച്ചൻ വികാരിയായി ചാർജ്ജെടുത്തു. സീതക്കുഴി പ്രദേശത്ത് വി.ഗീവർഗീസ് സഹദായുടെ നാമധേയത്തിൽ ഒരു കുരിശടി പണിയുന്നതിനായി ശ്രീ. ഈശോ തോമസ് വലിയകാലായിൽ ഒരു സെന്റ് സ്ഥലം ദാനമായി നൽകുകയും, വി.കുർബാന അർപ്പണിനുള്ള ബലിപീഠം ഉള്ള മനോഹരമായ ഒരു കുരിശടി ചാമക്കാലായിൽ അച്ചന്റെ നേതൃത്വത്തിൽ പണി കഴിപ്പിച്ചു.

ജോസ് ചാമക്കാലായിൽ അച്ചൻ സ്ഥലം മാറിപ്പോയതിനെ തുടർന്ന് ജോൺ സി. പുത്തൻവീട് അച്ചൻ വികാരിയായി ചാർജ്ജെടുത്തു. ഇക്കാലത്ത് ഇടവകയ്ക്ക് ഒരു വലിയ മദ്ബഹ വേണമെന്ന ആവശ്യം ഉയർന്നു വരികയും വളരെ മനോഹരമായ ഒരു മദ്ബഹ പണി കഴിപ്പിക്കുകയും ചെയ്തു. ജോൺ സി. പുത്തൻവീട് അച്ചനോടൊപ്പം ക്രിസ്റ്റി തേവള്ളിൽ, ഇമ്മാനുവൽ ബംഗ്ലാവിൽ എന്നീ വൈദീകർ സഹവികാരിമാരായി ഇടവകയിൽ സേവനം ചെയ്തു. തുടർന്ന് ജോൺ തുണ്ടിയത്ത് അച്ചൻ വികാരിയായി ചാർജ്ജെടുത്തു.

ആത്മീകവും ഭൗതീകവുമായി പുരോഗമിച്ചു കൊണ്ടിരുന്ന ഇടവക, അംഗങ്ങളുടെ എണ്ണത്തിലും മുൻപന്തിയിലേക്ക് കുതിച്ചുകൊണ്ടിരുന്നു. ശവസംസ്കാരിനായി ഉപയോഗിച്ചുകൊണ്ടിരുന്ന സ്ഥലം അപര്യാപ്തമായപ്പോൾ ജോൺ തുണ്ടിയത്ത് അച്ചൻ ഇടവക സെല്ലാർ പണിയുന്നതിന് മുൻകൈ എടുത്ത് നിർമ്മാണം പൂർത്തീകരിച്ചു. ഇക്കാലത്ത് ഇടവകയിൽ കരിസ്മാറ്റിക്ക് പ്രസ്ഥാനം ആരംഭിക്കുകയും ഇടവകജനങ്ങളിൽ ആത്മീകമായൊരു ഉണർവ്വ് ഉണ്ടാവുകയും ചെയ്തു. ഇടവകയിൽ നിന്നും വൈദീക വൃത്തിയിലേക്ക് പ്രവേശിച്ച ജോൺസൺ പാറയ്ക്കൽ, വർഗീസ് കൈതോൺ എന്നിവരുടെ പട്ടംകൊടയും പ്രഥമ ദിവ്യബലിയർപ്പണവും ഇക്കാലയളവിൽ നടക്കുകയുണ്ടായി. ഈ വൈദീകർ ജോസ് ചാമക്കാലായിൽ അച്ചന്റെ കാലത്ത് സെമിനാരി പഠനം ആരംഭിച്ച

വർ ആണെന്നതും പ്രത്യേകം സ്മരണീയമാണ്. ജോൺ തുണ്ടിയത്ത് അച്ചനോടൊപ്പം ഗീവർഗീസ് വൈദ്യൻ, ജോൺ വൈപ്പിൽ എന്നിവർ സഹവികാരിമാരായി ഇടവകയിൽ സേവനം ചെയ്തു. തുണ്ടിയത്ത് അച്ചന്റെ സ്ഥലം മാറ്റത്തോടെ ക്രിസ്റ്റി തേവള്ളിൽ അച്ചൻ വികാരിയായി ചാർജ്ജെടുത്തു.

ഒരു പ്രദേശത്തിന്റെ സമഗ്രമായ വികസനിന് ആത്മീയ വളർച്ച പോലെ തന്നെ ഭൗതീക സാഹചര്യങ്ങളും മെച്ചപ്പെടണമെന്ന് ഉറച്ചു വിശ്വസിച്ചിരുന്ന ക്രിസ്റ്റി അച്ചന് സീതത്തോട് പ്രദേശത്തിന്റെ മുഖഛായ തന്നെ മാറ്റി യെടുക്കുവാൻ സാധിച്ചു. സീതത്തോടിന്റെ സാമൂഹീക സാംസ്കാരിക വിദ്യാഭ്യാസ സാങ്കേതീകവിദ്യാഭ്യാസ രംഗ ങ്ങളിൽ ഇക്കാലത്ത് നമ്മുടെ സമൂഹം വളരെ നേട്ടങ്ങൾ കൈവരിക്കുകയുണ്ടായി. ഇക്കാലത്ത് ചാർത്താംകുഴി യിൽ മാത്യു അച്ചന്റെ പട്ടം കൊടയും പുത്തൻ കുർബാനയും മംഗളമായി നടന്നു.

ഇടവക നേതൃത്വത്തിൽ നടന്നു വന്ന റോയൽ കോളേജിന്റെ പ്രവർത്തനം ശരിയായ രീതിയിൽ നടക്കാതെ വന്നതിനാൽ റോയൽ കോളേജ് പ്രവർത്തനം അവസാനിപ്പിക്കുകയും ഈ കെട്ടിടത്തിൽ സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് ക്രിസ്റ്റി അച്ചൻ തന്റെ പ്രഥമ ചുവടുവെയ്പ്പ് നടത്തി. തുടർന്ന് ബഥനി സമൂഹത്തിനായി സ്കൂൾ കൈമാറി. ആങ്ങമൂഴി മഠത്തിൽ നിന്നാണ് സിസ്റ്റർമാർ സീതത്തോട് ഇടവകയിൽ വന്ന് ശുശ്രൂഷ ചെയ്യുകയും സ്കൂൾ നടത്തിപ്പിന് നേതൃത്വം നൽകുകയും ചെയ്തിരുന്നത്. ഇതേ തുടർന്ന് ഉറുമ്പനി പ്രദേശത്ത് ബഥനി സന്യാസിനി സമൂഹം സ്ഥലം വാങ്ങി മഠത്തിന്റെ പണി ആരംഭിക്കുകയും സെന്റ് മേരീസ് സ്കൂൾ മഠത്തിനോട് ചേർന്നുള്ള കെട്ടിടത്തിലേക്ക് മാറ്റുകയും ചെയ്തു. സീതത്തോട് ബഥനി മഠത്തിന്റെ പ്രഥമ സുപ്പീരിയർ ആയിരുന്ന സി.അഗപ്പെ എസ്.ഐ.സിയുടെ പ്രവർത്തനങ്ങൾ പ്രത്യേകം സ്മരി ക്കപ്പെടേണ്ടതാണ്. സീതത്തോട് പ്രദേശത്ത് അക്കാത്ത് സൗകര്യപ്രദമായ ഓഡിറ്റോറിയങ്ങൾ ഇല്ലാതിരുന്നതിനാൽ റോയൽ കോളേജ് സ്ഥിതി ചെയ്തിരുന്ന കെട്ടിടം പൊളിച്ചു നീക്കി. ഒരു ഓഡിറ്റോറിയം പണിയുന്നതിന് തീരുമാ നമെടുക്കുകയും 11.08.1996-ൽ സെന്റ് മേരീസ് സെന്ററിന് വികാരി ഫാ. ക്രിസ്റ്റി തേവള്ളിൽ തറക്കല്ലിടുകയും ചെയ്തു. 22.03.1998-ൽ ഗ്രൗണ്ട് ഫ്ളോറിന്റെ ആശീർവ്വാദവും ഉദ്ഘാടനവും അഭിവന്ദ്യ സിറിൾ ബസേലിയോസ് കാതോലിക്ക ബാവ നിർവ്വഹിച്ചു. 17.12.2006-ൽ ഒന്നാം നില ഓഡിറ്റോറിയം അഭിവന്ദ്യ യൂഹാനോൻ മാർ ക്രിസോസ്റ്റം തിരുമേനി ആശീർവദിച്ചു. രണ്ടാം നിലയിൽ സ്ഥിതി ചെയ്യുന്ന പള്ളിമേടയും ക്രിസ്റ്റി അച്ചന്റെ നേതൃ ത്വിൽ പണി കഴിപ്പിച്ചതാണ്.

കിഴക്കൻ മേഖലയിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒന്നും തന്നെ ഇല്ലാതിരുന്ന സാഹചര്യത്തിൽ സീതത്തോട് മൂന്നുകല്ല് പ്രദേശത്ത് ഉദ്ദേശം 2.74 ഏക്കർ സ്ഥലം വാങ്ങി എൻ.സി.വി.ടി. അംഗീകാരത്തോടെ മാർ ഈവാനിയോസ് ഐ.ടി.സി. 1998-ൽ പ്രവർത്തനം ആരംഭിച്ചു. 16.01.1999-ൽ അഭിവന്ദ്യ സിറിൽ ബസേലി യോസ് കാതോലിക്ക ബാവ ഉദ്ഘാടനം ചെയ്തു. ഐ.ടി.ഐ.യുടെ പുതിയ ബ്ലോക്കിന് ഡയറക്ടർ ഫാ.ക്രിസ്റ്റി തേവള്ളിൽ തറക്കല്ലിടുകയും 05.05.2005-ൽ മോറാൻ മോർ സിറിൾ ബസേലിയോസ് കാതോലിക്ക ബാവ കൂദാശ നിർവഹിക്കുകയും ചെയ്തു. ദൂരദേശങ്ങളിൽ നിന്നു പോലും വിദ്യാർത്ഥികൾ ഈ സ്ഥാപനത്തിൽ വന്നുപഠി ക്കുകയും ഉന്നതമായ ജോലികളിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട് എന്നത് സീതത്തോട് മലങ്കര സമൂഹത്തിന് അഭിമാനിക്കാവുന്ന നേട്ടമാണ്.

ഞായറാഴ്ചകളിൽ വി.കുർബാനയിൽ പങ്കെടുക്കാൻ വരുന്ന മുഴുവൻ വിശ്വാസികളെയും ഉൾക്കൊള്ളുവാൻ തക്ക സ്ഥലസൗകര്യം നിലവിലെ പള്ളിക്ക് ഇല്ലാത്തതിനാൽ പള്ളി പുതുക്കി പണിയുന്നതിന് ഇടവക സമൂഹം തീരുമാനമെടുത്തു. പുതിയ പള്ളിയുടെ അടിസ്ഥാന ശില മോറാൻ മോർ സിറിൽ ബസേലി യോസ് കാതോലിക്കാ ബാവ ആശീർവദിച്ചു നൽകുകയും അന്നത്തെ മാർത്താണ്ഡം രൂപതാ അദ്ധ്യക്ഷനായി രുന്ന അഭി.യൂഹാനോൻ മോർ ക്രിസോസ്റ്റം മെത്രാപ്പോലീത്ത വിശുദ്ധ കുർബാന അർപ്പിച്ച് 17.12.2006-ൽ തറ ക്കല്ലിടുകയും ചെയ്തു. സീതത്തോട് ദൈവാലയത്തിന് മുൻവശം റോഡിനോടു ചേർന്ന് നാലു മുറികളിലായി കടമുറികളും ഇക്കാലയളവിൽ നിർമ്മിച്ചു. സീതക്കുഴി കുരിശടിയോട് ചേർന്ന് 5.5 സെന്റ് ഭൂമിയും ക്രിസ്റ്റി അച്ചന്റെ നേതൃത്വത്തിൽ സഭ വാങ്ങുകയുണ്ടായി.

പുതിയ ദൈവാലയത്തെ സംന്ധിച്ച് വളരെ വിശാലമായ കാഴ്ചപ്പാട് ക്രിസ്റ്റി അച്ചന് ഉണ്ടായിരുന്നു. നില വിലെ പള്ളി പൊളിക്കുകയും പുതിയ പള്ളി പണി ആരംഭിക്കുകയും ചെയ്തു. ഇടവക ജനങ്ങൾ ആളും അർത്ഥവും നൽകി അച്ചനോടൊപ്പം നിന്നു. കടമുറികളുടെ മുകൾ ഭാഗത്ത് നിർമ്മിച്ച താത്ക്കാലിക ഷെഡിൽ ആണ് ഇക്കാലത്ത് വി. കുർബാന അർപ്പിച്ചിരുന്നത്. രണ്ടു നിലകളിലായി വിഭാവനം ചെയ്ത പുതിയ പള്ളി യുടെ ഗ്രൗണ്ട് ഫ്ളോർ നിർമ്മാണം ക്രിസ്റ്റി അച്ചൻ വികാരിയായിരുന്ന കാലത്ത് പൂർത്തീകരിച്ചു.

2010 ജനുവരി 25-ന് പത്തനംതിട്ട രൂപത നിലവിൽ വന്നു. അതിനെ തുടർന്ന് വന്ന വൈദീകരുടെ പൊതു സ്ഥലംമാറ്റത്തിൽ ക്രിസ്റ്റി തേവള്ളിൽ അച്ചന് സ്ഥലം മാറ്റം ലഭിച്ചു. നീണ്ട 15 വർഷക്കാലം ഈ ഇടവ കയെ ആത്മീകവും, ഭൗതീകവും വിദ്യാഭ്യാസപരവുമായ വളർച്ചയിലേക്ക് നയിച്ച ക്രിസ്റ്റി അച്ചനെ ഈ ഇടവക സമൂഹം നന്ദിയോടെ ഓർമ്മിക്കുന്നു.

ഇക്കാലയളവിൽ ജോസഫ് നെടുമനാൽ, മാത്യു മരോട്ടിമൂട്ടിൽ, ജോസഫ് നെടുമാംകുഴിയിൽ, തോമസ് കോയിക്കൽ, ജോസ് കോന്നാത്തുവിള, തോമസ് മുകളുംപുറത്ത്, ജോസഫ് വെൺമനത്ത്, സൊസ്റ്റ്യൻ ചരുവി ള, ബർണാഡ് വലിയവിള, ഗീവർഗീസ് ചരുവിളയിൽ, ഷൈജു പുന്നമൂട്ടിൽ, ജോർജ്ജ് വർഗീസ് പുതുപ്പറമ്പിൽ, സിജോ ചരിവുപറമ്പിൽ എന്നിവർ സഹവികാരിമാരായി ഇടവകയിൽ സേവനം ചെയ്തു.

ക്രിസ്റ്റി അച്ചൻ സ്ഥലം മാറി പോയതിനെത്തുടർന്ന് മാത്യു ചരിവുകാലായിൽ അച്ചൻ വികാരിയായി ചാർജ്ജെടുക്കുകയും മൂന്നുമാസത്തെ സേവനത്തിനുശേഷം സ്ഥലം മാറിപ്പോവുകയും അധ്യ.ജോസ് കളവിള അച്ചൻ വികാരിയായി ചാർജ്ജെടുക്കുകയും ചെയ്തു. മുടങ്ങി കിടക്കുന്ന പള്ളിപണി പുനരാരംഭിക്കുന്നതി നായി അച്ചൻ മുൻകൈയ്യെടുത്തു. ഇടവക സമൂഹം ഒറ്റക്കെട്ടായി അച്ചനൊപ്പം നിന്നു. സാമ്പത്തിക പരാധീ നത അനുഭവിക്കുന്ന കുടുംബങ്ങൾ ശ്രമദാനം ചെയ്ത് പള്ളിപണിയിൽ പങ്കാളികളായി. പള്ളിപണി എത്രയും വേഗം പൂർത്തീകരിക്കണമെന്നത് പത്തനംതിട്ട രൂപതാ അദ്ധ്യക്ഷനായിരുന്ന അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റം പിതാവിന്റെ ആഗ്രഹമായിരുന്നു. അരമനയിൽ നിന്നും നല്ല രീതിയിൽ സാമ്പത്തിക സഹായം നിർമ്മാണിന് ലഭി ച്ചു. ഇടവക അംഗവും ലോകമലയാളികളുടെ അഭിമാനവുമായ വി.കെ.എൽ.ഗ്രൂപ്പ് ഉടമ ഡോ. വർഗീസ് കുര്യൻ പുത്തൻപുരയ്ക്കൽ അരകോടിയിൽ അധികം രൂപ പള്ളി പണിയ്ക്കായി സംഭാവന ചെയ്തു. ഇടവകയുടെ ഈ പ്രിയപുത്രനെ ഇടവക സമൂഹം നന്ദിയോടെ സ്മരിക്കുന്നു. സാമ്പത്തിക പരാധീനതകൾ മൂലം പള്ളി പണിയുടെ കോൺക്രീറ്റിംഗ് ജോലികൾ ചെയ്തത് ഇടവക മക്കൾ ഒന്നു ചേർന്നാണ്. പണി പൂർത്തീകരിച്ച ദൈവാലയത്തിന്റെ കൂദാശ 13.04.2012-ൽ അഭി.യൂഹാനോൻ മാർ ക്രിസോസ്റ്റം മെത്രാപ്പോലീത്തായുടെയും കൂരിയ മെത്രാപ്പോലീത്താ അഭി. അന്തോണിയോസ് മെത്രാപ്പോലീത്തായുടെയും മുഖ്യ കാർമ്മികത്വത്തിൽ നടത്ത പ്പെട്ടു. മുൻ വികാരിമാർ, ഇടവകയിൽ നിന്നുള്ള വൈദീകർ സാമൂഹിക സാംസ്കാരിക രംഗത്തെ പ്രമുഖർ എന്നിവർ കൂദാശയോടനുബന്ധിച്ചു നടന്ന പൊതുസമ്മേളനത്തിൽ പങ്കെടുത്തു. തദവസരത്തിൽ ഡോ.വർഗീസ് കുര്യനെ അഭി. ക്രിസോസ്റ്റം തിരുമേനി ആദരിച്ചു.

മൂന്നു വർഷക്കാലം ഇടവകയിൽ ശുശ്രൂഷ ചെയ്തശേഷം ജോസ് കളവിള അച്ചൻ സ്ഥലം മാറി പോവു കയും തുടർന്ന് തോമസ് ഈട്ടിക്കാലായിൽ അച്ചൻ വികാരിയായി ചാർജ്ജെടുക്കുകയും ചെയ്തു. ഇക്കാലത്ത് മലയാരപ്രദേശങ്ങളുടെ ആത്മീകവും ഭൗതീകവുമായ വളർച്ചയ്ക്കുവേണ്ടി സീതത്തോട് കേന്ദ്രീകരിച്ച് 10 ദൈവാ ലയങ്ങൾ ചേർത്ത് ഒരു സബ്ജില്ല രൂപീകരിക്കുകയും ഈട്ടിക്കാലായിൽ അച്ചൻ സബ്ജില്ല വികാരിയായി ഉത്ത രവാദിത്വം ഏറ്റെടുക്കുകയും ചെയ്തു.

തോമസ് ഈട്ടിക്കാലായിൽ അച്ചൻ മൂന്നു വർഷത്തെ സേവനത്തിനുശേഷം സ്ഥലം മാറിപോവുകയും വർഗീസ് ചാമക്കാലായിൽ അച്ചൻ വികാരിയായി ചാർജ്ജെടുക്കുകയും ചെയ്തു. 2018 ജൂൺ 8-ന് സബ് ജില്ല യുടെ 10 ദൈവാലയങ്ങളും കോന്നി വൈദീക ജില്ലയിലെ 4 ദൈവാലയങ്ങളും ചേർത്ത് സീതത്തോട് വൈദീക ജില്ലാ രൂപീകൃതമായി. ചാമക്കാല അച്ചൻ പ്രഥമ ജില്ലാ വികാരിയായി നിയമിതനായി. അള്ളുങ്കലിൽ പള്ളിയുടെ

ഉടമസ്ഥതയിൽ ഒരു കുരിശടി എന്ന സ്വപ്നം ചാമക്കാല അച്ചനിലൂടെ സാക്ഷാത്കരിക്കപ്പെട്ടു. മനോഹരമായ ഒരു കുരിശടി വി.യൂദാതദേവൂസിന്റെ നാമധേയത്തിൽ പണി കഴിക്കപ്പെട്ടു.

മൂന്നു വർഷത്തെ സേവനത്തിനുശേഷം ചാമക്കാലായിൽ അച്ചൻ സ്ഥലം മാറിപ്പോവുകയും തുടർന്ന് വർഗീസ് വിളയിൽ അച്ചൻ വികാരിയായി ചാർജ്ജെടുക്കുകയും ചെയ്തു. സീതത്തോട് വൈദീക ജില്ലാ വികാരിയായും അച്ചൻ പ്രവർത്തിക്കുന്നു.

ബഥനി മഠത്തിനോട് ചേർന്നുള്ള സ്കൂൾ ചില കാരണങ്ങളാൽ നിർത്തലാക്കുകയും, വീടുകളിൽ നിന്ന് പുറന്തള്ളുന്ന മാനസീക വൈകല്യങ്ങൾ ഉള്ളവരെ പരിചരിക്കുന്ന മരിയ ഭവൻ എന്ന സ്ഥാപനം ബഥനി സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ആരംഭിക്കുകയും ചെയ്തു. വളരെ മികച്ച രീതിയിൽ ഈ സ്ഥാപനം മുൻപോട്ട് പോകുന്നു.

ആദ്യകാലങ്ങളിൽ സീതത്തോട് പള്ളിയിൽ താമസിച്ചുകൊണ്ടാണ് വൈദീകർ സമീപ ദേവാലയങ്ങളിൽ ശുശ്രൂഷ ചെയ്തു വന്നിരുന്നത്. ആലുംമൂട്ടിൽ അച്ചൻ വികാരിയായി ഇടവകയിൽ വന്ന കാലം മുതൽ വർഗീസ് വിളയിൽ അച്ചനോടൊപ്പം വരെ (2019 ആഗസ്റ്റ് വരെ) ഉദ്ദേശം 45 വർഷക്കാലം ജോസഫ് തിനയംപ്ലാക്കൽ ഇടവക ശുശ്രൂഷകനായി സേവനം ചെയ്തു. ശാരീരിക അവശതകൾ മൂലം അദ്ദേഹം സ്ഥാനം ഒഴിയുകയും ശ്രീ. അനു മാങ്കാലായിൽ നിലവിൽ ശുശ്രൂഷകനായി സേവനം ചെയ്യുന്നു.

തിരുവനന്തപുരം അതിരൂപതയിൽ ആയിരിക്കുമ്പോഴും പിന്നീട് പത്തനംതിട്ട രൂപതയുടെ കീഴിൽ ആയിരിക്കുമ്പോഴും ഏറ്റവും ശ്രദ്ധിക്കപ്പെടുന്ന ഒരു ഇടവകയായി നിലനിൽക്കുവാൻ സീതത്തോട് മലങ്കര സമൂഹത്തിന് സാധിച്ചിട്ടുണ്ട്.

അഗസ്റ്റിൻ പുലിമുറ്റത്ത്, ജോൺസൺ പാറയ്ക്കൽ, വർഗീസ് കൈതോൺ, മാത്യു ചാർത്താംകുഴി, ജെയിംസ് കൈപ്പള്ളിൽ ഒ.ഐ.സി. എന്നീ വൈദീകരും സി.അനന്ത എസ്.ഐ.സി., സി.തീർത്ഥ എസ്.ഐ.സി., സി.സൂസന്ന ജി.എസ്.എസ്., സി.സൊമനീഷ്യ എം.സി.എന്നീ സിസ്റ്റേഴ്സും ഇടവകയിൽ നിന്നുള്ള ദൈവവിളികളാണ്.

നിലവിൽ 12 പ്രാർത്ഥനാ കൂട്ടായ്മകളിലായി 225 കുടുംബങ്ങൾ ഇടവകയിൽ സജീവ അംഗങ്ങളായിട്ടുണ്ട്. കാലാകാലങ്ങളിൽ ഇടവകയുടെ ആത്മീക, ഭൗതീക വളർച്ചയ്ക്ക് നേതൃത്വം കൊടുത്ത അഭി.പിതാക്കന്മാരെയും വൈദീകരെയും സന്യസ്തരെയും ട്രസ്റ്റി സെക്രട്ടറി കമ്മിറ്റി അംഗങ്ങളെയും അൽമായ പ്രേഷിതരെയും ഇടവക നന്ദിയോടെ സ്മരിക്കുന്നു.